**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 592** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>റിസ്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള അപേക്ഷകളിൽ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി ഗീതാ ഗോപി

ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** മുൻ സർക്കാരിന്റെ കാലയളവിൽ നാട്ടിക നിയോജക മണ്ഡലത്തിൽ നിന്ന് റിസ്ക് ഫണ്ട് അനുവദിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ആകെ 174 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

**(ബി)** ഇവയിൽ എത്ര അപേക്ഷകളിൽ ഫണ്ട് അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

**<u>മറുപടി:</u>** ബോർഡിൽ ലഭ്യമായ 174 അപേക്ഷകളിൽ, 85 അപേക്ഷകളിലായി 98,22,886/- **(തൊണ്ണൂറ്റിയെട്ട് ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി എണ്ണൂറ്റി എൺപത്തിയാറ്)** രൂപ ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. ബാക്കിനില്പുള്ള 89 അപേക്ഷകളിൽ 28 അപേക്ഷകൾ ന്യൂനത പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട സഹകരണ ബാങ്ക് / സംഘത്തിന് കത്ത് നല്കിയിട്ടുള്ളതും, 21 അപേക്ഷകൾ റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥകൾ പാലിക്കാത്തതിനാൽ നിരസിച്ചിട്ടുള്ളതും, 2 അപേക്ഷകളിൽ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതും, ബാക്കിയുള്ള 38 പുതിയ അപേക്ഷകൾ പരിശോധിച്ച് തീരുമാനമെടുക്കാനുള്ളവയുമാണ്. അവ സമയ ബന്ധിതമായി തീർപ്പാക്കുന്നതിനായി ഫയൽ നടപടികൾ ആരംഭിച്ചിട്ടുമുണ്ട്.

**സെക്ഷൻ ഓഫീസർ**